ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1109

# സൂറ – 37 / അസ്സ്വാഫ്ഫാത്ത്

**സൂക്തം: 137 – 148**

പ്രബോധകൻ കാണുന്നത് ഭൂതവും വർത്തമാനവും മാത്രമാണ്. ഭാവിയിൽ എന്തു സംഭവിക്കുമെന്ന് അല്ലാഹുവിനു മാത്രമേ അറിയൂ. ഇന്ന് ഒരിക്കലും മാനസാന്തരപ്പെടുകയില്ല എന്ന് കരുതപ്പെട്ടവർ നാളെ പാടെ മാറിയേക്കാം. യൂനുസ് നബിയുടെ ജനം അതിനുദാഹരണമാകുന്നു.

وَإِنَّكُمْ لَتَمُرُّونَ عَلَيْهِم مُّصْبِحِينَ ﴿١٣٧﴾

137. നിങ്ങൾ അവരിലൂടെ പ്രഭാതസഞ്ചാരികളായി കടന്നുപോകുന്നുണ്ടല്ലോ;

وَبِاللَّيْلِ ۗ أَفَلَا تَعْقِلُونَ ﴿١٣٨﴾

138. പ്രദോഷസഞ്ചാരികളായും. നിങ്ങൾ ബുദ്ധിപൂർവം മനസ്സിലാക്കുന്നില്ലയോ?

**137,138**

وَإِنَّكُمْ لَتَمُرُّونَ = നിങ്ങൾ നടക്കു(കടന്നുപോകു)ന്നുണ്ടല്ലോ തീർച്ചയായും عَلَيْهِم = അവർക്കു മീതെ (അവരിലൂടെ)
مُّصْبِحِينَ = പ്രഭാതസഞ്ചാരികളായിട്ട് وَبِاللَّيْلِ = രാത്രിയിലും (പ്രദോഷസഞ്ചാരികളായും)
أَفَلَا تَعْقِلُونَ = നിങ്ങൾ ബുദ്ധിപൂർവം മനസ്സിലാക്കുന്നില്ലയോ

ഇവിടെ നിങ്ങൾ എന്നു സംബോധന ചെയ്യുന്നത് ഖുർആൻ അവതരിക്കുന്ന കാലത്ത് മക്കയിലുണ്ടായിരുന്ന ഖുറൈശികളെയാണ്. അവരുടെ സാർഥവാഹകസംഘങ്ങൾ സിറിയൻ നാടുകളിലേക്ക് സഞ്ചരിച്ചിരുന്നത് നശിച്ചുപോയ സദോമിനടുത്തു കൂടിയായിരുന്നു. ആ നഗരത്തിന്റെ അവശിഷ്ടങ്ങൾ അവർ കാണാറുണ്ടായിരുന്നു. അതിന്റെ ചരിത്രം ധാരാളമായി കേൾക്കാറുമുണ്ടായിരുന്നു. പ്രഭാതസമയത്ത് പ്രവേശിക്കുന്നവരാണ് مُّصْبِحِينَ. പ്രഭാതസമയത്തും രാത്രിയിലും ആ നാട്ടിലൂടെ കടന്നുപോകുന്നു എന്നാണ് تَمُرُّونَ عَلَيْهِم مُّصْبِحِينَ . وَبِاللَّيْلِ -യുടെ താൽപര്യം. രാപ്പകൽ സഞ്ചരിക്കുന്നു എന്നുമാവാം. രാവിലെയും വൈകീട്ടും കടന്നുപോകുന്നു എന്ന അർഥകൽപനയാണ് കൂടുതൽ ഉചിതം. ഖുറൈശികൾ സിറിയയിലേക്ക് വ്യാപാരയാത്ര നടത്തിയിരുന്നത് ഉഷ്ണകാലത്തായിരുന്നു. രാവിലെ വെയിൽ മൂക്കുന്നതുവരെ സഞ്ചരിക്കുകയും പിന്നെ തണലിൽ വിശ്രമിക്കുകയും ഉച്ചകഴിഞ്ഞ് വെയിൽ ചാഞ്ഞ ശേഷം സഞ്ചാരം തുടരുകയുമായിരുന്നു അവരുടെ യാത്രാരീതി. مُّصْبِحِينَ . وَبِاللَّيْلِ എന്ന വാക്കിന്റെ സാംഗത്യം അതാണെന്ന് പണ്ഡിതന്മാർ നിരീക്ഷിച്ചിരിക്കുന്നു. ലൂത്വ് നബിയുടെയും സമുദായത്തിന്റെയും ചരിത്രം *അൽ അഅ്റാഫ്, ഹൂദ്, അൽ ഹിജ്ർ, അശ്ശുഅറാഅ്, അൽ അൻകബൂത്ത്* സൂറകളിലായി വിശദമായി പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ●

وَإِنَّ يُونُسَ لَمِنَ الْمُرْسَلِينَ ﴿١٣٩﴾
139. യൂനുസും ഒരു ദൈവദൂതൻ തന്നെയാകുന്നു.

إِذْ أَبَقَ إِلَى الْفُلْكِ الْمَشْحُونِ ﴿١٤٠﴾
140. അദ്ദേഹം ഒരു നിറഞ്ഞ കപ്പലിലേക്ക് ഒളിച്ചോടിയതോർക്കുക.

فَسَاهَمَ فَكَانَ مِنَ الْمُدْحَضِينَ ﴿١٤١﴾
141. അങ്ങനെ നറുക്കിട്ട് തീരുമാനിച്ചു. അപ്പോൾ അദ്ദേഹം കടലിൽ തള്ളപ്പെട്ടവനായി.

فَالْتَقَمَهُ الْحُوتُ وَهُوَ مُلِيمٌ ﴿١٤٢﴾
142. ഉടനെ ഒരു വൻമത്സ്യം അദ്ദേഹത്തെ വിഴുങ്ങി; അദ്ദേഹം ആക്ഷിപ്തനായിരിക്കെ.

فَلَوْلَا أَنَّهُ كَانَ مِنَ الْمُسَبِّحِينَ ﴿١٤٣﴾
143. യൂനുസ് അല്ലാഹുവിന്റെ വിശുദ്ധി വാഴ്ത്തുന്നവനായിരുന്നില്ലെങ്കിൽ

لَلَبِثَ فِي بَطْنِهِ إِلَىٰ يَوْمِ يُبْعَثُونَ ﴿١٤٤﴾
144. ഉയിർത്തെഴുന്നേൽപുനാൾ വരെ അദ്ദേഹം മത്സ്യോദരത്തിൽ വസിച്ചതുതന്നെ.

فَنَبَذْنَاهُ بِالْعَرَاءِ وَهُوَ سَقِيمٌ ﴿١٤٥﴾
145. പിന്നെ നാം അദ്ദേഹത്തെ വെളിമ്പുറത്തെറിഞ്ഞു; അദ്ദേഹം അത്യധികം ആതുരാവസ്ഥയിലായിരിക്കെ.

وَأَنبَتْنَا عَلَيْهِ شَجَرَةً مِّن يَقْطِينٍ ﴿١٤٦﴾
146. അദ്ദേഹത്തിനു മീതെ നാം വള്ളിച്ചെടി മുളപ്പിച്ചു.

وَأَرْسَلْنَاهُ إِلَىٰ مِائَةِ أَلْفٍ أَوْ يَزِيدُونَ ﴿١٤٧﴾
147. പിന്നെ അദ്ദേഹത്തെ ആയിരവും അതിലധികവും വരുന്ന ആളുകളിലേക്ക് അയച്ചു.

فَآمَنُوا فَمَتَّعْنَاهُمْ إِلَىٰ حِينٍ ﴿١٤٨﴾
148. അപ്പോൾ അവർ സത്യധർമങ്ങളിൽ വിശ്വസിച്ചു. ആകയാൽ ഏറെ കാലം നാം അവർക്ക് വിഭവങ്ങളരുളിക്കൊണ്ടിരുന്നു.

**139–148**

وَإِنَّ يُونُسَ = തീർച്ചയായും യൂനുസും لَمِنَ الْمُرْسَلِينَ = (ഒരു) ദൈവദൂത(ൻ)മാരിൽപെട്ടവൻ തന്നെയാകുന്നു
إِذْ أَبَقَ = അദ്ദേഹം ഒളിച്ചോടിയതോർക്കുക إِلَى الْفُلْكِ = ഒരു കപ്പലിലേക്ക് الْمَشْحُونِ = നിറ(ഞ്ഞ)ക്കപ്പെട്ട
فَسَاهَمَ = അങ്ങനെ നറുക്കിട്ടു തീരുമാനിച്ചു فَكَانَ مِنَ الْمُدْحَضِينَ = അപ്പോൾ അദ്ദേഹം (കടലിൽ) തള്ളപ്പെട്ടവനായി
فَالْتَقَمَهُ = ഉടനെ അദ്ദേഹത്തെ വിഴുങ്ങി الْحُوتُ = (ഒരു വൻ) മത്സ്യം
وَهُوَ مُلِيمٌ = അദ്ദേഹം ആക്ഷിപ്തനായിരിക്കെ فَلَوْلَا أَنَّهُ كَانَ = അദ്ദേഹം (യൂനുസ്) ആയിരുന്നില്ലെങ്കിൽ
مِنَ الْمُسَبِّحِينَ = തസ്ബീഹ് ചെയ്യുന്നവൻ (അല്ലാഹുവിന്റെ വിശുദ്ധി വാഴ്ത്തുന്നവൻ)
لَلَبِثَ فِي بَطْنِهِ = അതിന്റെ ഉദരത്തിൽ (മത്സ്യോദരത്തിൽ) അദ്ദേഹം വസിച്ചതു തന്നെ
إِلَىٰ يَوْمِ يُبْعَثُونَ = അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന (ഉയിർത്തെഴുന്നേൽപു) നാൾ വരെ
فَنَبَذْنَاهُ = പിന്നെ നാം അദ്ദേഹത്തെ എറിഞ്ഞു بِالْعَرَاءِ = വെളിമ്പുറത്ത്
وَهُوَ سَقِيمٌ = അദ്ദേഹം (അത്യധികം) ആതുരാവസ്ഥയിലായിരിക്കെ
وَأَنبَتْنَا = നാം മുളപ്പിച്ചു عَلَيْهِ = അദ്ദേഹത്തിനു മീതെ
شَجَرَةً مِّن يَقْطِينٍ = മത്തനിൽനിന്നുള്ള ഒരു വൃക്ഷം (ഒരു വള്ളിച്ചെടി) وَأَرْسَلْنَاهُ = പിന്നെ നാം അദ്ദേഹത്തെ അയച്ചു
إِلَىٰ مِائَةِ أَلْفٍ أَوْ يَزِيدُونَ = ആയിരത്തിലേക്കും അധികമാകുന്നവരിലേക്കും (ആയിരവും അതിലധികവും വരുന്ന ആളുകളിലേക്ക്)
فَآمَنُوا = അപ്പോൾ അവർ സത്യവിശ്വാസികളായി
فَمَتَّعْنَاهُمْ = ആകയാൽ നാം അവരെ സുഖിപ്പിച്ചു (അവർക്ക് വിഭവങ്ങളരുളിക്കൊണ്ടിരുന്നു)
إِلَىٰ حِينٍ = ഒരു കാലത്തേക്ക് (ഏറെക്കാലം)

ആറാമതായി അനുസ്മരിപ്പിക്കുന്ന ഉദാഹരണം യൂനുസ് നബിയുടെ കഥയാണ്. നേരത്തേ *അന്നിസാഅ്, അൽ അൻആം, അൽ അമ്പിയാഅ്* സൂറകളിൽ ഈ പ്രവാചകനെ പരാമർശിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അറിയപ്പെട്ട ചരിത്രം *ഖുർആൻ ബോധനം* പ്രസ്തുത സൂറകളിൽ സംഗ്രഹിച്ചിരിക്കുന്നു. യൂനുസ് എന്ന നാമത്തിന് യോന,

ജോൺ, ജോൺസ് എന്നിങ്ങനെ ഉച്ചാരണഭേദങ്ങളുണ്ട്. ഖുർആൻ ഇദ്ദേഹത്തെ ذَا النُّونِ (*അൽ അമ്പിയാഅ്*: 87) എന്നും صَاحِبِ الْحُوتِ(*അൽ ഖലം*: 48) എന്നും വിളിച്ചതായി കാണാം.

നേരത്തേ ചൂണ്ടിക്കാണിച്ച അഞ്ച് ഉദാഹരണങ്ങളും ഈ ഉദാഹരണവും തമ്മിൽ ശ്രദ്ധേയമായ ഒരു അന്തരമുണ്ട്. മുൻചൊന്ന പ്രവാചകന്മാരെല്ലാം ക്ഷമയുടെയും സ്ഥൈര്യത്തിന്റെയും എളിമയുടെയും പ്രതിരൂപങ്ങളായിരുന്നു. പ്രവാചകന്മാരെന്ന നിലയിൽ അല്ലാഹുവിന്റെ അഭീഷ്ടമറിയാതെ അവർ ഒന്നും ചെയ്തിരുന്നില്ല- എത്ര ഗുരുതരമായ പ്രതിസന്ധികളെ നേരിടുമ്പോഴും. യൂനുസ് (അ) ഇക്കാര്യത്തിൽ അവരുടെ ഏറെ പിന്നിലായിരുന്നു. അവരെല്ലാം രക്ഷിക്കപ്പെടുകയും അവരെ നിഷേധിച്ച ജനങ്ങൾ ശിക്ഷിക്കപ്പെടുകയുമായിരുന്നു. യൂനുസ് നബിയുടെ ജനത ശിക്ഷിക്കപ്പെടുകയുണ്ടായില്ല. ഭൗതികമായി ശിക്ഷിക്കപ്പെട്ടത് പ്രവാചകൻ തന്നെയായിരുന്നു. യൂനുസ് നബിയുടെ അക്ഷമയാണ് അതിനു വഴിവെച്ചത്. യൂനുസ് നബിയുടെ ചരിത്രം സവിശേഷമായ രണ്ട് സന്ദേശങ്ങൾ നൽകുന്നുണ്ട്: 1. പ്രബോധകൻ പ്രബോധിതരുടെ നിഷേധത്തിൽ പെട്ടെന്ന് നിരാശപ്പെടുകയോ കോപിക്കുകയോ ചെയ്യരുത്. ക്ഷമയോടെ പ്രവർത്തനം തുടരണം. 2. ഏറെക്കാലം പ്രയത്നിച്ചിട്ടും ഒരു മാറ്റവും ഉണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിലും അല്ലാഹുവിന്റെ അനുമതിയില്ലാതെ പ്രവാചകൻ പ്രബോധിതരെ വിട്ടുപോയിക്കൂടാ. തന്റെ ആവലാതിയും വേവലാതിയും അല്ലാഹുവിനോടു പറയാം. തന്റെ കഴിവിന്റെ പരമാവധി സത്യധർമങ്ങൾ ഉപദേശിച്ചിട്ടും അസത്യത്തിന്റെയും അധർമത്തിന്റെയും പാതകളിലൂടെ മുന്നേറുന്ന ജനങ്ങളെ ശിക്ഷിക്കാൻ അപേക്ഷിക്കുകയും ചെയ്യാം. പക്ഷേ ആ അപേക്ഷ കേട്ട് അല്ലാഹു ഉടനെ അവരെ ശിക്ഷിച്ചുകൊള്ളണമെന്നില്ല. പ്രബോധകൻ കാണുന്നത് ഭൂതവും വർത്തമാനവും മാത്രമാണ്. ഭാവിയിൽ എന്തു സംഭവിക്കുമെന്ന് അല്ലാഹുവിനു മാത്രമേ അറിയൂ. ഇന്ന് ഒരിക്കലും മാനസാന്തരപ്പെടുകയില്ല എന്ന് കരുതപ്പെട്ടവർ നാളെ പാടെ മാറിയേക്കാം. യൂനുസ് നബിയുടെ ജനം അതിനുദാഹരണമാകുന്നു. അതുകൊണ്ടാണ് തന്നെ നിഷേധിക്കുകയും ക്രൂരമായി പീഡിപ്പിക്കുകയും ചെയ്യുന്ന ജനത്തെ നശിപ്പിക്കാൻ ജിബ്രീൽ (അ) മുഹമ്മദ് നബിയോട് അനുമതി തേടിയപ്പോൾ നബി (സ) അത് സമ്മതിക്കാതിരുന്നത്. അവരിൽനിന്ന് ഭാവിയിൽ വിശ്വാസികളുണ്ടായേക്കും എന്ന പ്രതീക്ഷയിലായിരുന്നു തിരുമേനി.

അസീറിയയിലെ നീനവാ നഗരവാസികളെ പ്രബോധനം ചെയ്യാനാണ് ഇസ്രായേലീ പ്രവാചകനായ യൂനുസ് (അ) നിയുക്തനായത്. ബി.സി എട്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണിതെന്ന് കരുതപ്പെടുന്നു. അസീറിയക്കാർ ബന്ധനസ്ഥരാക്കി പിടിച്ചുകൊണ്ടുവന്ന ഇസ്രായേലികളായിരുന്നു അന്ന് നീനവായിലെ നിവാസികൾ. നിർബന്ധിതമായ പ്രവാസ ജീവിതം മൂലം മതപരമായും സാംസ്കാരികമായും ഏറെ ദുഷിച്ചുപോയ നീനവക്കാരെ സംസ്കരിച്ചെടുക്കാൻ യൂനുസ് നടത്തിയ ശ്രമങ്ങൾ ആദ്യഘട്ടത്തിൽ വിജയിച്ചില്ല. അതിൽ കോപിഷ്ടനായ അദ്ദേഹം ആ ജനങ്ങളെ ശപിച്ച് സ്ഥലം വിടുകയായിരുന്നു. ഇതേക്കുറിച്ചാണ് أبق എന്ന് പറയുന്നത്. അടിമ ഉടമയെ കബളിപ്പിച്ച് ഓടിപ്പോകുന്നതിനാണ് أبق എന്നു പറയുക. പ്രബോധനം ചെയ്യാൻ അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചിടത്തുനിന്ന് അവന്റെ അനുവാദമില്ലാതെ സ്ഥലംവിട്ടത് യജമാനനിൽനിന്നുള്ള അടിമയുടെ ഒളിച്ചോട്ടം പോലെ കുറ്റകരമായ നടപടിയായിരുന്നുവെന്നാണ് ഈ പദപ്രയോഗത്തിന്റെ സൂചന.

നീനവ വിട്ട യൂനുസ് (അ) സിറിയൻ തുറമുഖമായ യാഫായിലെത്തി. അവിടെനിന്ന് തർശിശിലേക്ക് പോകാൻ ഒരു കപ്പലിൽ കയറി. കപ്പൽ നിറയെ യാത്രക്കാരുണ്ടായിരുന്നു. യാത്രക്കിടെ കടൽ ക്ഷോഭിച്ചു, കപ്പൽ മുങ്ങിപ്പോകുമെന്ന് നാവികർ ഭയന്നു. യാത്രക്കാരിൽ ദൈവകോപം ബാധിച്ചവർ ഉള്ളപ്പോഴാണ് ഇങ്ങനെ സംഭവിക്കുകയെന്ന ഒരു വിശ്വാസം അക്കാലത്തെ നാവികരിലുണ്ടായിരുന്നു. ദൈവകോപം ബാധിച്ചയാളെ കണ്ടെത്തി പുറംതള്ളുകയാണ് രക്ഷപ്പെടാനുള്ള മാർഗം. പുറംതള്ളപ്പെടേണ്ടവനെ കണ്ടെത്താനുള്ള ഉപാധി നറുക്കെടുപ്പാണ്. അവർ യാത്രക്കാരുടെ പേരിൽ നറുക്കിട്ടു. നറുക്കു വീണത് യൂനുസ് നബിയുടെ പേരിലായിരുന്നു. മൂന്നു വട്ടം നറുക്കിട്ടു, മൂന്നു വട്ടവും യൂനുസ് നബിക്കുതന്നെ നറുക്കു വീണു എന്നാണ് ഇബ്നു അബ്ബാസിന്റെ പ്രസ്താവന. അങ്ങനെ അദ്ദേഹം കടലിൽ തള്ളപ്പെട്ടു. ഉടനെ ഒരു വൻ മത്സ്യം വന്ന് അദ്ദേഹത്തെ വിഴുങ്ങിക്കളഞ്ഞു. ചില വൻ മത്സ്യങ്ങൾ ഇരയെ ചവച്ചരക്കാതെ വിഴുങ്ങുകയാണ് ചെയ്യുക. അതിനാൽ യൂനുസ് നബിക്ക് പരിക്കൊന്നുമുണ്ടായില്ല. അദ്ദേഹം മത്സ്യോദരത്തിൽ ദഹനപ്രക്രിയക്ക് വിധേയനാകാതെ, ജീവൻ നഷ്ടപ്പെടാതെ സുരക്ഷിതനായിരിക്കണമെന്നായിരുന്നു അല്ലാഹുവിന്റെ വിധി. യൂനുസ് നബി മൂന്നു നാൾ മത്സ്യോദരത്തിൽ കഴിഞ്ഞു എന്നാണ് പറയപ്പെടുന്നത്. ഒരു രാവും പകലും കഴിഞ്ഞു എന്നാണ് ചിലർ പറയുന്നത്. ഏതാനും മണിക്കൂറുകളേ കഴിഞ്ഞുള്ളൂ എന്നു പറയുന്നവരുമുണ്ട്. മത്സ്യോദരത്തിൽ മരിച്ചില്ലെങ്കിലും ശാരീരികമായി അദ്ദേഹം വളരെ പീഡിതനായി.

മൂലത്തിലെ سَاهَمَ (നറുക്കിട്ടു, നറുക്കിട്ടു തീരുമാനിച്ചു) سهم (അസ്ത്രം, പങ്ക്, ഓഹരി)-ൽ നിന്നുള്ള ക്രിയയാണ്. പൗരാണിക അറബികൾ നറുക്കെടുപ്പിനു ഉപയോഗിച്ചിരുന്നത് അസ്ത്രങ്ങളായിരുന്നു. വിഗ്രഹങ്ങളെ സാക്ഷിയാക്കി അമ്പുകളിൽ അടയാളമിട്ട് സഞ്ചിയിലിട്ട് കശക്കി അതിൽനിന്ന് ഒരെണ്ണം എടുക്കുക. ആ അസ്ത്രത്തിൽ കുറിച്ചതെന്താണോ അതാണ് വിഗ്രഹത്തിന്റെ, അല്ലെങ്കിൽ ദൈവത്തിന്റെ വിധി എന്നായിരുന്നു സങ്കൽപം. ഇങ്ങനെ ഭാഗ്യം പരീക്ഷിക്കുന്നതിന് ഉപയോഗിക്കുന്ന അമ്പുകളെ أزلام എന്നും പറയും. 5:3-ൽ അമ്പുകൊണ്ട് ഭാഗ്യം തേടുന്നത് - أَن تَسْتَقْسِمُوا بِالْأَزْلَامِ - നിഷിദ്ധമാണെന്നും 5:90-ൽ وَالْأَزْلَامُ رِجْسٌ مِّنْ عَمَلِ الشَّيْطَانِ- അമ്പുകൊണ്ട് ഭാഗ്യം തേടുന്നതു വൃത്തികെട്ട പൈശാചിക നടപടിയാണെന്നും പറയുന്നുണ്ട്. വിഗ്രഹ സാന്നിധ്യത്തിൽ അമ്പുകൾ ഉപയോഗിച്ച് നടത്തപ്പെടുന്ന ഒരുതരം ചൂതാട്ടമായിരുന്നു الإستقسام بِالْأَزْلَام. ചൂതാട്ടം അമ്പുകൊണ്ടല്ലെങ്കിലും നിഷിദ്ധമാകുന്നു.

ഇവിടെ പരാമർശിക്കുന്ന നാവികരുടെ നറുക്കെടുപ്പ് ബഹുദൈവ വിശ്വാസവുമായി ബന്ധപ്പെട്ട അനുഷ്ഠാനമാണെന്ന് ساهم എന്ന പദപ്രയോഗം സൂചിപ്പിക്കുന്നു. സാധാരണ നറുക്കെടുപ്പിന് അറബിയിൽ قرعة എന്നാണ് പറയുക. ഇസ്രാഈല്യർ നറുക്കെടുപ്പിനു ഉപയോഗിച്ചിരുന്നത് എഴുത്താണികളായിരുന്നുവെന്ന് ഖുർആൻ സൂചിപ്പിക്കുന്നുണ്ട്. മാതാപിതാക്കൾ അല്ലാഹുവിനു നേർന്ന മർയമിന്റെ സംരക്ഷണം ആർ ഏറ്റെടുക്കണമെന്ന് തീരുമാനിക്കാൻ ക്ഷേത്ര

പരികർമികൾ നറുക്കിട്ടതിനെക്കുറിച്ച് إِذْ يُلْقُونَ أَقْلَامَهُمْ أَيُّهُمْ يَكْفُلُ مَرْيَمَ -മർയമിനെ സംരക്ഷിക്കുന്നതാരെന്ന് നിശ്ചയിക്കാൻ അവർ നറുക്കിട്ടപ്പോൾ- എന്ന് 3:44-ൽ പറയുന്നുണ്ട്.

യൂനുസ് (അ) അൽപം മുൻകോപിയും അക്ഷമനുമായിരുന്നുവെങ്കിലും നിരന്തരം അല്ലാഹുവിന് തസ്ബീഹ് ചെയ്തുകൊണ്ടിരിക്കുന്ന ദൃഢവിശ്വാസിയും ദൈവഭക്തനുമായിരുന്നു. മത്സ്യോദരത്തിലകപ്പെട്ടപ്പോൾ അദ്ദേഹത്തിന് സ്വന്തം വീഴ്ചകൾ ബോധ്യപ്പെടുകയും പശ്ചാത്താപവിവശനാവുകയും ചെയ്തു. *അൽ അമ്പിയാഅ്* 87-ൽ അദ്ദേഹം لَّا إِلَٰهَ إِلَّا أَنتَ سُبْحَانَكَ إِنِّي كُنتُ مِنَ الظَّالِمِينَ -അല്ലാഹുവേ നീയല്ലാതെ ദൈവമില്ല. നീ പരമപരിശുദ്ധൻ. ഞാനോ തീർച്ചയായും ധിക്കാരിയായിപ്പോയി- എന്നു പ്രാർഥിച്ചതായി ഉദ്ധരിക്കുന്നുണ്ട്. 142-ാം സൂക്തത്തിലെ وَهُوَ مُلِيمٌ എന്ന വാക്യവും അത് സൂചിപ്പിക്കുന്നു. ഈ പശ്ചാത്താപം അദ്ദേഹത്തെ കൂടുതൽ നിഷ്കളങ്കനാക്കി. അദ്ദേഹം കൂടുതൽ ഭയഭക്തിയോടെ അല്ലാഹുവിനെ തസ്ബീഹ് ചെയ്തുകൊണ്ടിരുന്നു. അതല്ലായിരുന്നുവെങ്കിൽ ഉയിർത്തെഴുന്നേൽപു നാൾ വരെ അദ്ദേഹത്തിന് മത്സ്യോദരത്തിൽ തന്നെ കഴിയേണ്ടിവരുമായിരുന്നു. യൂനുസ് നബിയെ വിഴുങ്ങിയ മത്സ്യം അല്ലാഹുവിന്റെ ആജ്ഞാനുസാരം അദ്ദേഹത്തെ ഒരു വെളിമ്പുറത്തു കൊണ്ടുവിടുകയായിരുന്നു. മത്സ്യോദരത്തിൽ ജീവിച്ചിരുന്നതും മത്സ്യം കരയിൽ കൊണ്ടു വന്ന് തള്ളിയതും അല്ലാഹു അദ്ദേഹത്തോട് ചെയ്ത സവിശേഷമായ കാരുണ്യവും ഔദാര്യവുമാണ്.

വൃക്ഷലതാദികളോ തണലോ ഇല്ലാത്ത തുറന്ന സ്ഥലമാണ് عَرَاء. നഗ്നത, തുറവി എന്ന അർഥത്തിലും ഉപയോഗിക്കും. عريان നഗ്നനാണ്. ഓപ്പൺ എയർ തിയേറ്ററിന് مسرح فى العراء എന്നു പറയും. മത്സ്യോദരത്തിൽ മരിച്ചില്ലെങ്കിലും യൂനുസ് (അ) തികച്ചും ആതുരാവസ്ഥയിലായിക്കഴിഞ്ഞിരുന്നു. سَقِيمٌ മനോവ്യഥയുള്ളവരെയും ശാരീരിക രോഗമുള്ളവരെയും കുറിക്കുന്ന പദമാണ്. അദ്ദേഹം ശാരീരികവും മാനസികവുമായ നിസ്സഹായാവസ്ഥയിൽ ഒരു വെളിമ്പുറത്ത് തള്ളപ്പെട്ടപ്പോൾ തണലും മറയുമായി അല്ലാഹു അവിടെ വള്ളിച്ചെടികൾ മുളപ്പിച്ചു വളർത്തി. മത്തൻ, ചുരങ്ങ പോലുള്ള വള്ളിച്ചെടികളാണ് يَقْطِين. വാഴയും يَقْطِين-ൽ പെടുമെന്ന് ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. തണൽ നൽകുന്നതോടൊപ്പം കിടന്ന കിടപ്പിൽ തന്നെ ഫലങ്ങൾ പറിച്ചു ഭക്ഷിക്കാനും പാകമായ ചെടികളായിരിക്കാം ഉദ്ദേശ്യം. അങ്ങനെ അദ്ദേഹം ആരോഗ്യവും സൗഖ്യവും വീണ്ടെടുത്തു. നീനവായിലെ ജനങ്ങളെ പ്രബോധനം ചെയ്യാൻ അല്ലാഹു വീണ്ടും അദ്ദേഹത്തെ നിയോഗിച്ചു. അന്നവിടെ ഒരു ലക്ഷത്തിൽപരം ജനങ്ങളുണ്ടായിരുന്നു. مِائَةِ أَلْفٍ أَوْ يَزِيدُونَ എന്നാണ് മൂലവാക്യം. ഇതിലെ أَو-ന്റെ സാധാരണ അർഥം അല്ലെങ്കിൽ എന്നാണ്. അപൂർവമായി സമാസ ശബ്ദം (واو) ആയും 'അല്ല' (بل) എന്ന അർഥത്തിലും ഉപയോഗിക്കും. ഇവിടെ بل-ന്റെ സ്ഥാനത്തോ واو-ന്റെ സ്ഥാനത്തോ ആണ് ഉപയോഗിച്ചിരിക്കുന്നതെന്ന് ഭാഷാ പണ്ഡിതന്മാർ വിശദീകരിച്ചിരിക്കുന്നു. ഒരു ലക്ഷവും കുറച്ചു കൂടുതലും എന്നോ ഒരു ലക്ഷമല്ല, അതിൽ കൂടുതൽ എന്നോ ആണ് ഉദ്ദേശ്യം. ഈ പ്രയോഗത്തിന്റെ ഔചിത്യം ഇപ്രകാരം വിശദീകരിക്കപ്പെട്ടിരിക്കുന്നു: യൂനുസ് (അ) നിയുക്തനായത് മുഖ്യമായും നീനവായിലുണ്ടായിരുന്ന ഇസ്രാഈല്യരെ പ്രബോധനം ചെയ്യാനാണ്. ഒരു സമുദായത്തിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകൻ ആ സമുദായത്തോടൊപ്പം വസിക്കുന്ന അന്യസമുദായക്കാരെയും പ്രബോധനം ചെയ്യാൻ ബാധ്യസ്ഥനാകുന്നു. നീനവായിലുണ്ടായിരുന്ന ഇസ്രാഈല്യരുടെ ജനസംഖ്യ ഒരു ലക്ഷമായിരുന്നു. ഇരുപതിനായിരം അസീറിയക്കാരും അവരോടൊപ്പമുണ്ടായിരുന്നു. അവരായിരുന്നു വരേണ്യവർഗം. ഈജിപ്തിലുണ്ടായിരുന്ന ഇസ്രാഈല്യരിലേക്ക് നിയുക്തനായ മൂസാ-ഹാറൂൻ പ്രവാചകന്മാർ അവിടത്തെ ഫറവോനെയും ഖിബ്തികളെയും കൂടി പ്രബോധനം ചെയ്യാൻ കൽപിക്കപ്പെട്ടതു പോലെയാണിത്. ഏതായാലും രണ്ടാം വരവിൽ നീനവക്കാർ യൂനുസ് നബിയിൽ വിശ്വസിക്കാനും അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ച് ചരിക്കാനും തയാറായി. ഇസ്രാഈല്യർ മാത്രമല്ല, നീനവായിലെ രാജാവടക്കമുള്ള മറ്റുള്ളവരും അദ്ദേഹത്തിൽ വിശ്വസിച്ചു. അനാചാരങ്ങൾ ഉപേക്ഷിച്ച് പശ്ചാത്തപിക്കാനും യൂനുസി(അ)ൽ വിശ്വസിക്കാനും പിന്തുടരാനും രാജാവ് ജനങ്ങളോട് കൽപിക്കുകയും ചെയ്തു. അങ്ങനെ ആ ജനത ഒന്നടങ്കം സത്യവിശ്വാസികളായി. തുടർന്ന് ഏറെക്കാലം അല്ലാഹു അവർക്ക് സുഖക്ഷേമ വിഭവങ്ങളൊരുക്കിക്കൊണ്ടിരുന്നു.

യൂനുസ് നബിയെ നറുക്കിട്ട് കടലിൽ തള്ളിയ സംഭവത്തെ ആധാരമാക്കി നറുക്കെടുപ്പിന്റെ ശർഈ വിധി ഫുഖഹാക്കൾ ചർച്ച ചെയ്തിരിക്കുന്നു. സംശയാസ്പദമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് പൗരാണിക സമൂഹങ്ങൾ സ്വീകരിച്ചുവന്നിട്ടുള്ള ഉപാധിയാണ് നറുക്കെടുപ്പ്. നറുക്കെടുപ്പിലൂടെ വെളിപ്പെടുന്നത് അല്ലാഹുവിന്റെ തീരുമാനമായി ഏകദൈവ വിശ്വാസികളും തങ്ങളാരാധിക്കുന്ന വിഗ്രഹങ്ങളുടെ തീരുമാനമായി ബഹുദൈവ വിശ്വാസികളും കണക്കാക്കിപ്പോന്നു. ഈ സമ്പ്രദായം പ്രചാരം നേടിയപ്പോൾ തർക്കം തീർക്കുന്നതിനും സംഘട്ടനമൊഴിവാക്കുന്നതിനുമുള്ള മാർഗമായി ഔദ്യോഗിക നിയമവ്യവസ്ഥകളും അതിനെ അംഗീകരിച്ചു. ഇസ്‌ലാമിക ശരീഅത്തും നറുക്കെടുപ്പിനെ അംഗീകരിക്കുന്നുണ്ടെങ്കിലും അത് നിരുപാധികമായ അംഗീകാരമല്ല. ഗുണദോഷങ്ങൾ തുല്യമായതും ഏതെങ്കിലുമൊന്നിന് മുൻഗണന കൽപിക്കാൻ ന്യായമില്ലാത്തതുമായ പല കാര്യങ്ങളിൽ ഒന്നു തെരഞ്ഞെടുക്കേണ്ടിവരുമ്പോഴേ നറുക്കെടുപ്പിനെ അവലംബിക്കാവൂ. ഉദാ: രണ്ടു പേർക്ക് അവകാശപ്പെട്ട തുല്യമായ രണ്ട് ഓഹരിയിൽ പ്രത്യേകമായ ഒന്ന് തനിക്ക് കിട്ടണമെന്ന് ഓരോരുത്തരും വാദിക്കുക. ഇതിൽ രണ്ടാളുടെയും വാദത്തിന് മുൻഗണന ആവശ്യപ്പെടുന്ന ന്യായമില്ലെങ്കിൽ തർക്കം നറുക്കെടുപ്പിലൂടെ പരിഹരിക്കാം. ഒരു വ്യക്തി ഒരാൾക്കു മാത്രം നൽകാവുന്ന ഒരാനുകൂല്യം നൽകാൻ തുല്യമായ അർഹതയുള്ള പല ആശ്രിതരിൽ- അത് ഭാര്യമാരാകാം, മക്കളാകാം, സഹോദരങ്ങളാകാം, സേവകരാകാം- ഒരാളെ തെരഞ്ഞെടുക്കാനും നറുക്കെടുപ്പ് നടത്താം.

നബി(സ) ദീർഘയാത്രക്കൊരുങ്ങുമ്പോൾ ഭാര്യമാർക്കിടയിൽ നറുക്കിട്ട്, നറുക്ക് വീഴുന്ന ഭാര്യയെ കൂടെ കൊണ്ടുപോകുമായിരുന്നു. നറുക്കെടുപ്പിന്റെ അനുവദനീയതക്കുള്ള പ്രബലമായ പ്രമാണം ഇതാണ്. നറുക്കെടുപ്പ് അനിവാര്യമായിത്തീരുന്ന ചില സന്ദർഭങ്ങളുണ്ട്. മരണവേളയിൽ തന്റെ നൂറ് അടിമകളെ മോചിപ്പിച്ച ഒരാളുടെ കേസ് നബി(സ)യുടെ മുന്നിലെത്തി. അയാൾക്ക് വേറെ യാതൊരു സ്വത്തുമുണ്ടായിരുന്നില്ല. നബി (സ) അവരിൽ രണ്ടു പേരെ നറുക്കിട്ട്

മോചിപ്പിച്ചു. ബാക്കിയുള്ളവരെ അടിമകളായി അവശേഷിപ്പിച്ചു. ഒരാളുടെ ആകെ സ്വത്തിന്റെ മൂന്നിലൊന്നിലധികം വസ്വിയ്യത്ത് ചെയ്യാൻ പാടില്ല എന്ന നിയമമനുസരിച്ചാണ് നബി (സ) ഇങ്ങനെ ചെയ്തത്. മറ്റൊരിക്കൽ പഴകി ജീർണിച്ച ഒരനന്തര സ്വത്തിന്റെ അവകാശം സംബന്ധിച്ച തർക്കം നബി(സ)യുടെ മുന്നിലെത്തി. രണ്ടു പേരും ഉന്നയിച്ച തെളിവുകളും ന്യായങ്ങളും തുല്യമായിരുന്നു. നബി (സ) അവരോട് പറഞ്ഞു: ''രണ്ടു പേരും പോയി സത്യം പുലരണമെന്നാഗ്രഹിച്ചുകൊണ്ട് നറുക്കിടുക. നറുക്ക് വീഴാത്തവന്റെ അവകാശം അത് വീഴുന്നവന് വിട്ടുകൊടുക്കുക.''

ഇമാം ഖർറാഫി തന്റെ ''അൽഫുറൂഖി'ൽ (പേജ് 40) പറയുന്നു: 'ഏതെങ്കിലും ഒരു ഭാഗത്ത് നന്മയോ (മസ്‌ലഹത്ത്) അവകാശമോ നിർണിതമായാൽ അവിടെ നറുക്കെടുപ്പ് അനുവദനീയമല്ല. കാരണം ആ നറുക്കെടുപ്പിൽ അവകാശലംഘനമുണ്ടാകും. അവകാശങ്ങളും നന്മകളും തുല്യമാകുമ്പോൾ നറുക്കെടുപ്പ് പ്രസക്തമാകുന്നു. അപ്പോൾ പകയെ തടയാനുള്ള ഉപാധിയാണത്... സങ്കീർണമായ എല്ലാ കാര്യങ്ങളിലും നറുക്കെടുപ്പ് നടത്താം എന്നതാണ് എനിക്ക് സത്യമായി തോന്നുന്നത്.''

യൂനുസ് നബിയുമായി ബന്ധപ്പെട്ട ഈ സംഭവവും മർയം ബീവിയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് 3:44-ൽ പറഞ്ഞ സംഭവവും നറുക്കെടുപ്പിന്റെ അനുവദനീയതക്കുള്ള പ്രമാണമായി ചില ഫുഖഹാക്കൾ പരിഗണിച്ചിട്ടുണ്ട്. അതിൽ ചില പ്രശ്നങ്ങളുണ്ട്. യൂനുസ് നബിയെ നറുക്കിട്ട് കടലിൽ തള്ളിയവർ ഏതെങ്കിലും ദൈവിക ശരീഅത്തിന്റെ അനുയായികളായിരുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. അങ്ങനെ തെളിയിക്കപ്പെട്ടാൽ പോലും അത് മുഹമ്മദീയ ശരീഅത്തിനു മുമ്പുണ്ടായിരുന്ന ശരീഅത്താണ്. മുഹമ്മദീയ ശരീഅത്തിന്റെ ആഗമനത്തോടെ അത് ദുർബലപ്പെട്ടിരിക്കുന്നു. മർയം ബീവിയുമായി ബന്ധപ്പെട്ട നറുക്കെടുപ്പ് നടത്തിയവരാകട്ടെ മുഹമ്മദീയ ശരീഅത്തിന് മുമ്പുണ്ടായിരുന്ന മൂസവീ ശരീഅത്തിന്റെ ആളുകളായിരുന്നുവെന്ന് സ്പഷ്ടമാണ്. തുല്യ യോഗ്യതയുള്ളവരിൽനിന്ന് ഒരാളെ മർയമിന്റെ രക്ഷനായി തെരഞ്ഞെടുക്കുകയായിരുന്നു ആ നറുക്കെടുപ്പിലൂടെ. അതിൽ ആരുടെയും അവകാശനിഷേധമില്ല.

ഇമാം ജസ്സ്വാസ് ഇതേക്കുറിച്ച് പറയുന്നു: ''ആസന്നമരണൻ മോചിപ്പിക്കുന്ന അടിമയുടെ കാര്യത്തിൽ നറുക്കെടുപ്പ് നിർബന്ധമാക്കാൻ സാഹസപ്പെടുന്ന ചിലർ ഈ സൂക്തത്തെ അതിനു പ്രമാണമാക്കുന്നുണ്ട്. അതിൽ ശ്രദ്ധക്കുറവുണ്ട്. കാരണം യൂനുസിനെ നറുക്കിട്ട് തീരുമാനിച്ചത് കടലിൽ തള്ളാനാണ്. അതാകട്ടെ ഒരു കർമശാസ്ത്ര പണ്ഡിതനും അനുവദിക്കുന്ന കാര്യമല്ല; ഒരാളെ കൊല്ലാനും അയാളുടെ മുതൽ കൈയടക്കാനും നറുക്കിടുന്നത് അനുവദിക്കാത്തതുപോലെ. യൂനുസിന്റെ (അ) കാര്യം അദ്ദേഹത്തിൽ മാത്രമുള്ളതായിരുന്നു എന്നത്രേ അത് കുറിക്കുന്നത്.''

ഗുണദോഷങ്ങളും ന്യായങ്ങളും തുല്യമായ പലതിൽ ഒന്നു തെരഞ്ഞെടുക്കേണ്ടിവരുമ്പോൾ നറുക്കെടുപ്പ് അനുവദനീയമാകുന്നതിനുള്ള പ്രമാണം നേരത്തേ ഉദ്ധരിച്ച ഹദീസുകളും പൗരാണിക കാലം മുതലേ നടന്നുവരുന്ന പൊതു സമ്പ്രദായവു(عرف)മാണ്. അല്ലാതെ യൂനുസ് നബിയുമായും മർയം ബീവിയുമായും ബന്ധപ്പെട്ടുണ്ടായ നറുക്കെടുപ്പുകളല്ല. ●